**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2741** **13-02-2024 - ൽ മറുപടിയ്ക്ക്**

**പ്രവർത്തനരഹിതമായി കിടക്കുന്ന കയർ സഹകരണ സംഘങ്ങളുടെ ആസ്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിൽ വർഷങ്ങളായി പ്രവർത്തനരഹിതമായി കിടക്കുന്ന കയർ സഹകരണ സംഘങ്ങൾ ഏതെല്ലാമെന്ന് അറിയിക്കാമോ; പ്രസ്തുത സഹകരണ സംഘങ്ങളുടെ വസ്തുവകകളും കെട്ടിടങ്ങളും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കാമോ; | (എ) | ചാത്തന്നൂർ മണ്ഡലത്തിൽ വർഷങ്ങളായി പ്രവർത്തനരഹിതമായി കിടക്കുന്ന കയർ സഹകരണ സംഘങ്ങളുടെ വസ്തുവകകളും കെട്ടിടങ്ങളും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രവർത്തനരഹിതമായിട്ടുള്ള പ്രസ്തുത കയർ സഹകരണ സംഘങ്ങൾ പുനരുജ്ജീവിപ്പിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പുനരുജ്ജീവനം സാധ്യമല്ലാത്ത കയർ സഹകരണ സംഘങ്ങളുടെ വസ്തുവകകളും കെട്ടിടങ്ങളും സംരക്ഷിക്കുന്നതിനും വിനിയോഗിക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | പ്രവർത്തനരഹിതമായിട്ടുള്ള പ്രസ്തുത കയർ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1. പരവൂർ തെക്കുംഭാഗം സി വി സി എസ് ലിമിറ്റഡ് നം 870- സംഘത്തിന് സ്വന്തമായി ആസ്തി വകകൾ ഒന്നും ഇല്ലാത്തതാകുന്നു.<br><br>2. പ്രവർത്തനരഹിതമായി വർഷങ്ങളായി അടഞ്ഞുകിടന്നിരുന്ന നെടുങ്ങോലം വൈ.സി.വി.സി.എസ്. ലിമിറ്റഡ് നം.985 സംഘം 2023 വർഷത്തിൽ ഇലക്ഷൻ നടപടി പൂർത്തീകരിച്ച് പുതിയ ഭരണസമിതി നിലവിൽ വരുകയും പുതിയ ഭരണ സമിതിയുടെ മേൽനോട്ടത്തിൽ തൊഴിലാളികളെ ചേർത്ത് പ്രവർത്തനം പുന:രാരംഭിക്കാനുള്ള നടപടികൾ നടന്നുവരുകയും ചെയ്യുന്നു.<br><br>3. ഇടയാടി സിവി സിഎസ് ലിമിറ്റഡ് നം 395 സംഘം പ്രവർത്തനരഹിതമായി നിലവിൽ അടഞ്ഞുകിടക്കുകയാണ്. ടി സംഘത്തിന് കേരള സംസ്ഥാന സഹകരണ നിയമം അനുശാസിക്കുന്നവിധം ഇലക്ഷൻ നടപടികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലാത്തതാണ്.<br><br>4. പരവൂർ മാറ്റ്സ് & മാറ്റിങ്ങ്സ് സി വി സി എസ് ലി. നം. 946 സംഘത്തിൽ സമാപ്തീകരണ നടപടികൾ നടന്നുവരികയാണ്. |

| | | | |
|---|---|---|---|
| (സി) | ചാത്തന്നൂർ മണ്ഡലത്തിൽ പതിറ്റാണ്ടുകളായി പ്രവർത്തനരഹിതമായ നിലയിലുള്ള കയർ സഹകരണ സംഘങ്ങളുടെ കെട്ടിടങ്ങളും വസ്തുവകകളും അന്യാധീനമായി കിടക്കുന്ന നിലയിലായതിനാൽ നിയമപരമായ നടപടികളിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ കുടുംബശ്രീകളുടെയോ സർക്കാരിന്റെയോ ആവശ്യങ്ങൾക്കായി ഇവ പ്രയോജനപ്പെടുത്തുന്നതിനു നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | പ്രസ്തുത വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| നം. | സംഘത്തിന്റെ പേര് | സംഘത്തിന്റെ വസ്തുവകകൾ | സംഘത്തിന്റെ ഓഫീസ് കെട്ടിടം/ പണിശാല |
|---|---|---|---|
| 1. | പരവൂർ തെക്കുംഭാഗം സി വി സി എസ് ലിമിറ്റഡ് നം 870 | ഇല്ല | ഇല്ല |
| 2. | നെടുങ്ങോലം വൈ.സി.വി. സി.എസ്. ലിമിറ്റഡ് നം.985 | 76 സെന്റ് വസ്തു | 3,00,000/- രൂപ മതിപ്പുവിലയുള്ള ഓഫീസ് കെട്ടിടവും 5,00,000/- രൂപ മതിപ്പ വിലയുള്ള പണിശാലയുമുണ്ട് |
| 3. | ഇടയാടി സിവി സിഎസ് ലിമിറ്റഡ് നം 395 | 26 സെന്റ് വസ്തു 1 ഏക്കർ കായൽ | 3,00,000/- രൂപ മതിപ്പുവിലയുള്ള ഓഫീസ് കെട്ടിടവും 6,50,000/- രൂപ മതിപ്പ വിലയുള്ള പണിശാലയുമുണ്ട് |
| 4. | പരവൂർ മാറ്റ്സ് & മാറ്റിങ്സ് സി വി സി എസ് ലി. നം. 946 | 1 ഏക്കർ 5 സെന്റ് | ഓഫീസ് കെട്ടിടവും പണിശാലയുമുണ്ട്. |